Week-4




# The New Life in Jesus (പുതുജീവൻ-ക്രിസ്തുവിൽ)

നേപ്പാളിൽ ചെന്ന് സുവിശേഷം അറിയിക്കുവാൻ സാധുസുന്ദർ സിംഗ് രണ്ടു പ്രാവശ്യം ശ്രമിച്ചു. എങ്കിലും അതിനുള്ള അനുവാദം ലഭിക്കാത്തതിനാൽ തന്റെ ആഗ്രഹം സാധിച്ചില്ല.അനുവാദം കൂടാതെ കടക്കുന്ന ഏതൊരാൾക്കും ആറുമാസം കഠിനതടവ് ഉറപ്പാണ്. എന്നിട്ടും 1914 ജൂൺ 7-ാം തീയതി അദ്ദേഹം നേപ്പാളിലെ ഒരു ഗ്രാമത്തിലെത്തി ഹിന്ദുസ്ഥാനി ഭാഷയിൽ സുവിശേഷം അറിയിച്ചു. വിവരം അറിഞ്ഞ അധികാരികൾ സുന്ദർസിംഗിനെ ചോദ്യം ചെയ്തു. ഇതിന് മറുപടിയായി അദ്ദേഹം പറഞ്ഞത് നേപ്പാളിലെ ജനത്തോട് ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ച് അറിയിപ്പാൻ സകലത്തിന്റെയും ഉടയവനും എന്നെയും നിങ്ങളെയും സൃഷ്ടിച്ചവനുമായ ദൈവമാണ് ഇവിടേയ്ക്ക് എന്നെ അയച്ചത്.നിങ്ങൾ എന്നെ തടവിലാക്കിയാലും സ്വതന്ത്രമായ എന്റെ നാവുകൊണ്ട് രക്ഷയെപ്പറ്റിയും രക്ഷകനെപ്പറ്റിയും ഞാൻ പറയുമെന്ന് ധൈര്യപൂർവ്വം അദ്ദേഹം പ്രസ്താവിച്ചു.

രാജാധിരാജന്റെ സന്ദേശമാണ് സുവിശേഷം അഥവാ രക്ഷയുടെ വചനം. മറ്റു പുസ്തകങ്ങൾ വായിക്കുന്നതുപോലെ ജീവന്റെ വചനം വായിച്ചാൽ കാലാപെറുക്കുന്ന പ്രതീതിയെ ഉണ്ടാകുകയുള്ളൂ.ധൈര്യത്തോടെ രക്ഷയുടെ ദൂത് മറ്റുള്ളവർക്ക് പകുവയ്ക്കണമെങ്കിൽ ദൈവം നമുക്കുതന്ന ഗുരുവായ പരിശുദ്ധാത്മാവിനോട് ചേർന്ന് വചനം കണ്ടെത്തി ഭക്ഷിക്കണം.




കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിച്ച ശിഷ്യൻമാർക്കാണ് പഴയ അവ സ്ഥയിൽ നിന്ന് എഴുന്നേറ്റ് , തങ്ങൾ കണ്ടതും കേട്ടതുമായ വചനത്തെ പൂർണ്ണധൈര്യത്തോടെ പ്രസ്താവിപ്പാൻ കഴിഞ്ഞത്. യെരുശലേമിനെ നിങ്ങളുടെ ഉപദേശംകൊണ്ട് നിറയ്ക്കരുത് എന്ന് പറഞ്ഞ് വിലക്കുവാൻ അസൂയപൂണ്ട മഹാപുരോഹിതൻമാരും സദൂക്യരും തയ്യാറാകുകയും അവരെ തടവിലാക്കുകയും ചെയ്തു.എന്നാൽ കർത്താവിന്റെ ദൂതൻ അവരെ പുറത്ത് കൊണ്ടുവന്ന് ജീവന്റെ വചനം എല്ലാവരോടും പ്രസ്താ വിപ്പാൻ കല്പിച്ചു. സുവിശേഷത്തിന്റെ നാഥനായ ക്രിസ്തുവാണ് സുവി ശേഷം എല്ലായിടത്തും അറിയിക്കുവാനുള്ള നിയോഗം ശിഷ്യനൻമാർക്ക് നൽകിയത്. അപ്രകാരമൊരു നിയോഗം നൽകിയില്ലായിരുന്നെങ്കിൽ സുവിശേഷീകരണത്തിന് യാതൊരു പ്രസക്തിയും ഉണ്ടാകുമായിരുന്നില്ല. ദൈവീക നിയോഗത്തിന്റെ പിൻബലമാണ് നമുക്ക് അതിനുള്ള ശക്തി ലഭി ക്കുന്നത്. നിയോഗത്തിന്റെ ശക്തി എതിർപ്പുകളെ ഭയക്കുന്നില്ല. നാം എവിടെ ആയിരുന്നാലും അവിടം പരിശുദ്ധാത്മാവാൽ നിറയ്ക്കണം.

Read ---- യെശ: (50:10-11)

സഹോദരങ്ങളേ!ശക്തിയുള്ള ജീവന്റെ വചനം ധീരതയോടെ പ്രഖ്യാപിക്കു മെന്ന് തീരുമാനിക്കുക. മനുഷ്യരെ ഭയന്ന് തീരുമാനം മാറ്റി വയ്ക്കാവുന്ന തല്ല.ഈ നാമത്തിൽ ഉപദേശിക്കരുതെന്ന ഭീഷണിയിൽ ഭയപ്പെടരുത്. ക്രിസ്തുവിനു വേണ്ടി നിന്ദ സഹിപ്പാനുള്ള യോഗ്യത ലഭിച്ചതിൽ സന്തോ ഷിക്കുക. ദൈവം നിങ്ങളെ ബലപ്പെടുത്തട്ടെ.

## <u>പ്രാർത്ഥന</u>

പ്രീയ യേശുവേ ! ദൈവവചനത്തിന്റെ ശക്തി അനേകർ അനുഭവിച്ചറിയു വാൻ തക്കവണ്ണം വചനം എവിടെയും ധൈര്യത്തോടെ പറയുവാനുള്ള ശക്തി ഞങ്ങൾക്ക് തരേണമേ. അനേക ആത്മാക്കളെ നേടുവാൻ ഞങ്ങളെ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ ,

ആമേൻ.

**Santhamma Varghese**